Malappuram District Police

# 01/11/2017 കരുവാരക്കുണ്ട്

ഒരു കോടി 20 ലക്ഷം രൂപയുടെ കുഴല്പ്പണവുമായി രണ്ടു യുവാക്കൾ കരുവാരക്കുണ്ട് പോലീസിന്റെ പിടിയിലായി. കോഴിക്കോട് ജില്ലയിലെ ആരാമ്പ്രം മടവൂർ സ്വദേശികളായ കരിപ്പൂര് വീട്ടില് റിയാസ്(27), ചെട്ടിയന്കടണ്ടിയിൽ മുജീബ് (36) എന്നിവരെയാണ് അറസ്റ്റ്ചെയ്തത്. യുവാക്കളുടെ ആക്രമണത്തില് എസ്.ഐ. ഉള്പ്പെടെ മൂന്ന് പോലീസുദ്യോഗസ്ഥര്ക്ക് പരിക്കേറ്റു.

തമിഴ്നാട്ടിൽ നിന്ന് കൊടുവള്ളിയിലേക്ക് കൊണ്ടുവരികയായിരുന്നു കുഴല്പ്പണം. മേലാറ്റൂർ പോലീസിനെ വെട്ടിച്ച് സംഘം കടന്നുവെന്ന വിവരം അറിഞ്ഞെത്തിയ കരുവാരക്കുണ്ട് പോലീസ് ഇരിങ്ങാട്ടിരി പാലത്തിന് സമീപം വാഹനം റോഡില് കുറുകെയിട്ട് യുവാക്കളുടെ കാർ തടഞ്ഞു. കാറിന്റെ താക്കോല് പോലീസ് ഊരിയെടുത്തതോടെ പ്രതികൾ അക്രമാസക്തരായി പോലീസിനെ ആക്രമിക്കുകയായിരുന്നു. പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.